

# പട്ടം പറത്തുന്നവർ

## മേമുണ്ട എച്ച്.എസ്.എസ്

## ലിറ്റിൽ കൈറ്റ്സ്

## 2018-19

**PREPARED BY FIRST BATCH**

# മാഗസിൻ രചനാസമിതി

എഡിറ്റർ

അഫീദ പി.എം

സമിതി അംഗങ്ങൾ

ശിഫാന.കെ

സിയാന.കെ

നിബാൽ

ഹിസാന അബ്ദുല്ല

അഭിഷേക്.പി

ശ്രീയ

നിരഞ്ജന

അർച്ചന

അതുൽദാസ്

കിരൺ

ദേവമിത്ര

ചിത്രഭാനു

അരുൺ

കവർ പേജ്-നന്ദന എം.കെ



# പ്രിയമുള്ളവരെ,

കുട്ടികൾക്ക് അവരുടെ ബഹുമുഖമായ കഴിവുകൾ പ്രകടിപ്പിക്കുന്ന വൈവിധ്യപൂർണമായ നിരവധി പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയം വർഷങ്ങളായി നടത്തിവരുന്നുണ്ട്. ഹൈസ്ക്കൂൾ വിഭാഗം "ലിറ്റൽ കൈറ്റ്സി"ലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന മാഗസിൻ ഇതിന്റെ തുടർച്ചയാണ്. കുട്ടികളുടെ സർഗ്ഗാത്മക രചനകൾ കൊണ്ട് ഈ മാഗസിൻ മികവുറ്റതാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന മുഴുവൻ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

കൃഷ്ണദാസ് പി.കെ
പ്രിൻസിപ്പൽ
മേമുണ്ട എച്ച്.എസ്.എസ്



## പ്രിയ വിദ്യാർത്ഥികളെ,

നമ്മുടെ വിദ്യാലയം പഠനപ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഒരുപോലെ മുന്നേറികൊണ്ടിരിക്കുകയാണ്.ഈ വേളയിൽ നമ്മുടെ വിദ്യാലയത്തിൽ 'ലിറ്റിൽ കൈറ്റ്സ് ' എന്ന പുതിയൊരു സംരംഭം കൂടി പുത്തൻ ഉണർവോടെ തുടക്കം കുറിച്ചിരിക്കുന്ന വിവരം വിദ്യാർത്ഥികൾ അറിഞ്ഞിരിക്കുമല്ലോ! അനുദിനം നമ്മുടെ ലോകം വികസിച്ചുകൊണ്ടിരിക്കുകയാണ്.അപ്പോൾ ഇത്തരം ഒരു സംരംഭത്തിന്റെ പ്രസക്തി വാനോളം വലുതുതന്നെ.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ,അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗാത്മകരചനകൾ ഉൾപ്പെടുത്തി നിർമ്മിച്ച മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**രമേശൻ.ടി.വി**

**ഹെഡ്മാസ്റ്റർ**

**മേമുണ്ട എച്ച്.എസ്.എസ്**

# സുഹൃത്തുക്കളെ

ഞങ്ങളുടെ കുട്ടികളും "**പട്ടം പറത്തുക**"യാണ്.പുതു തലമുറക്ക് അറിവ് പകർന്നു നൽകുന്ന **ലിറ്റിൽ കൈറ്റ്സ്** എന്ന ഈ സംരംഭം കുട്ടികളെ പ്രാപ്തമാക്കുന്നത് സാങ്കേതിക വിദ്യകളെ സർഗാത്മകമായി എങ്ങനെ ചിത്രീകരിക്കാം എന്നതാണ്.പ്രായോഗിക തലത്തിൽ തന്റെ നൂതനമായആശയങ്ങളെയും അറിവുകളെയും കാലത്തിനനുസൃതമായി പകർന്ന് കൊടുക്കാനുള്ള ഈ എളിയ സംരംഭത്തിൽ നമുക്ക് കൈകോർക്കാം.....പ്രോത്സാഹിപ്പിക്കാം....



**രമ്യ.കെ**
കൈറ്റ് മിസ്ട്രസ്



**ജിതിൻ.വി**
കൈറ്റ് മാസ്റ്റർ

**ചങ്ങാതിമാരേ,**

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ വർണ്ണ പ്രഭയിൽ നൂതന ആശയങ്ങളുടെയും വികസനത്തിന്റെയും കൊടുമുടി കയറിയിരിക്കുകയാണ് പുത്തൻ തലമുറ. അന്ധകാരത്തിന്റെയും അസഹിഷ്ണുതയുടെയും കഥകൾ പഴങ്കഥയാക്കി മുന്നേറിക്കൊണ്ടിരിക്കുന്ന ലോകം.ക്ലാസ്സ് മുറിക്കുള്ളിലൊതുക്കുന്ന പഠനപ്രവർത്തനങ്ങളിൽ നിന്ന് മാറി അനുഭവങ്ങളിലൂടെയും ചിന്തകളിലൂടെയും അന്വേഷണങ്ങളിലൂടെയും പഠനപ്രവർത്തനങ്ങൾ വിശാലമായി. ഇങ്ങനെ ഒരു പഠനസാഹചര്യം ഒരുക്കുന്നതിൽ വലിയപങ്ക് മാറികൊണ്ടിരിക്കുന്ന ഈ വർത്തമാനകാലത്തിനുണ്ട്. പരീക്ഷണങ്ങളും നിരീക്ഷണങ്ങളുമാണ് പുത്തൻ ലോകത്തെ കൂടുതൽ മനോഹരമാകുന്നത്.വിരൽത്തുമ്പിൽ ലോകം ഒതുങ്ങുമ്പോൾ വിസ്മയപ്പൂമ്പാറ്റയായി നാം അതിൽ പാറിപ്പറക്കുന്നു.ഈ ലോകത്തേക്ക് ആഴ്ന്നിറങ്ങാൻ വിദ്യാർത്ഥികളെ ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭത്തിലൂടെ സഹായിച്ച കേരള സർക്കാറിനും ഇതിന്റെ ഭാഗമായി ഞങ്ങളെ സഹായിച്ച സ്കൂൾ അധികൃതർക്കും ഹൃദയത്തിന്റെ ഭാഷയിൽ ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

വർണ്ണകടലാസുകളുടെയും വളപ്പൊട്ടുകളുടെയും കളിക്കൂട്ടുകാരായ നമ്മുടെ കൂട്ടുകാരുടെയും അറിവിന്റെ ലോകത്ത് നമ്മെ ആനയിച്ച ഗുരുനാഥന്മാരുടെയും രചനകൾ ഉൾപ്പെടുത്തി ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ പട്ടം പറത്തുന്നവർ എന്ന മാഗസിൻ മഹാപ്രളയത്തിൽ ജീവൻ തന്ന് രക്ഷാപ്രവർത്തനം നടത്തിയ മനുഷ്യസ്നേഹികൾക്ക് സമർപ്പിക്കുന്നു.

**അഫീദ.പി.എം.**
(സ്റ്റുഡന്റ് എഡിറ്റർ)



# താളുകളിൽ...


- നിത്യസാക്ഷി 9
- ദിനാചാരങ്ങൾ 10
- തണൽ 11
- പറയാനുള്ളത് 14
- ആഗ്രഹങ്ങൾ 15
- പുതിയൊരാകാശം 16
- താങ്ങുവേര് 17
- ഹാഷ്ടാഗ് 18
- കമ്പ്യൂട്ടറും ഇന്നത്തെ ലോകവും 19
- ഇരുട്ട് 20
- പ്രളയം തകർത്ത കേരളം 21
- മുഖമില്ലാത്ത മനുഷ്യർ 22
- ഞാൻ 23
- ദുരന്തപ്രളയം 24
- കുറിഞ്ഞി പൂക്കും കാലം 25
- അറ്റുപോയ മനുഷ്യത്വം 26
- നവമാധ്യമങ്ങൾ 27
- നഷ്ടപ്പെട്ടതീ മഴയത്ത് 28
- എന്റെ യാത്ര 29
- മയിൽപ്പീലി 30

- ➢ സൗഹൃദം 31
- ➢ മരണവിധി 32
- ➢ വിധി 33
- ➢ പ്രണയസ്പർശമേറ്റ ഇതളുകൾ 34
- ➢ സുഖവും ദുഃഖവും 35
- ➢ യാത്രകൾക്കെന്നും സുഗന്ധം 36
- ➢ മിന്നാമിനുങ്ങ് 37
- ➢ ആകാശം 38
- ➢ സൗഹൃദം 39
- ➢ കലാം വചനങ്ങൾ 40
- ➢ IMPORTANCE OF NEWSPAPER 43
- ➢ LONELINESS 44
- ➢ MEMORIES 46
- ➢ THE BREEZE OF LOVE 47
- ➢ TRICKY QUESTIONS 48
- ➢ COMPUTER STORAGE DIGITS 49
- ➢ MAGIC SQUARE 51
- ➢ PATTERNS 52
- ➢ CARTOON 53

# നിത്യ സാക്ഷി

അണയാത്ത നാളമായ് നീ നിൽക്കേ
അരുതാത്തതിനെല്ലാം സാക്ഷിയായ്
അവനിതൻ പതിയായ നീ
അണയാൻ കൊതിക്കുന്നുവോ

സായം സന്ധ്യപോൽ സുന്ദരിയാം
സ്വപത്നിതൻ ദുരവസ്ഥ കണ്ടു നീ
സമുദ്രക്കയങ്ങളിലൊളിക്കുന്നു പതിയെ
സാന്ത്വനകിരണമായ് വീണ്ടുമെത്തും നീ

അരുമയാം മക്കൾക്ക് ജീവനേകി
അരികിലായ് ജ്വലിക്കുന്നവർക്കായ്
ഓമനകൾ തൻ ചെയ്തികളാലിന്ന്
ഓജസ്സും തേജസ്സും നശിക്കുന്നയി

അവനിയെ നോക്കി നോക്കി നിൽക്കേ
അരുതെന്ന് പറയാൻ കൊതിക്കുന്നുവോ?

***ഷീജ.കെ.വി.എം***

**(അധ്യാപിക)**




# ദിനാചരണങ്ങൾ

കലണ്ടറിലെ ചതുരങ്ങൾക്ക്
തടവറകളായി രൂപമാറ്റം
കറുത്തഅക്കങ്ങളും ചുവന്നഅക്കങ്ങളും
തമ്മിൽ മൽസരം മുറുക്കുന്നു.
മുമ്പൊക്കെ, പ്രഭാതങ്ങൾ
അഭിമാനത്തോടെ,
റോസാപുഷ്പങ്ങൾ നെഞ്ചേറ്റിയും
വിപ്ലവാഭിവാദ്യം മുഴക്കുകയും ചെയ്യുമ്പോൾ
കളങ്ങൾ കോരിത്തരിച്ചിരുന്നു!
രക്തസാക്ഷിസ്മരണകളിൽ,
ഉദയാസ്തമയങ്ങൾ ചുവന്നുതുടുത്തിരുന്നു
ഇന്ന് സർവ്വനാശത്തിന്റെ
സൂചനകൾ മുഴങ്ങുമ്പോൾ
ജലത്തിനും വായുവിനും
അച്ഛനുമമ്മയ്ക്കും വേണ്ടി
ദിനാചരണങ്ങൾ കൊഴുക്കുന്നു.
വൃദ്ധസദനങ്ങളിൽ അന്തിയുറങ്ങാൻ വിട്ട
അച്ഛനെയുമമ്മയെയും ഓർക്കാൻ
ഒരു ദിനം ,ഓർത്തുക്കൊള്ളുക,
ഒരു നാൾ,
കനത്തുവരുന്ന കലണ്ടർകളങ്ങൾ
തന്റെചുറ്റുമതിലുകൾ ചവിട്ടിത്തകർത്ത്,
കാൽചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ്
നിന്നോട് പകരം ചോദിക്കും

**ജിഷ ഒ കെ**
**(അധ്യാപിക)**

# തണൽ



**അ**ന്ന് ഒരു ഞായറാഴ്ച്ചയായിരുന്നു.പുതുവർഷത്തിന്റെ കരഘോഷങ്ങൾ പുറത്ത് അപ്പോഴും അവസാനിച്ചിരുന്നില്ല.രമണി ടീച്ചർ പതിവുപോലെ തന്റെ കട്ടിലിൽ ചാരിയിരിക്കുകയായിരുന്നു.രാത്രി ഇത്തിരി പോലും ഉറക്കം വരാതിരുന്നിട്ടുകൂടി അവർ യാതൊരുക്ഷീണവും പ്രകടിപ്പിച്ചില്ല.നിശ്ചലമായിരുന്ന് ജനാലയിലൂടെ വിളുരതയിലേക്ക് നോക്കിനിൽകുകയായി-രുന്നു ടീച്ചർ.സിറിഞ്ച് വച്ച് വലിച്ചെടുത്തപോലെ ആമുഖം തേജസ്സറ്റിരുന്നു.പതിവുപോലെ വൃദ്ധസദനത്തി-ലെ ജോലിക്കാരിലൊരാൾ ചായയുമായി മുറിയിൽഎത്തി.ഒപ്പം മറ്റൊരുവാർത്തകൂടി പലഹാരമായികടന്നുവന്നു.



"ടീച്ചറെ കാണാൻ ആരോ വന്നിരിക്കുന്നു"പത്രക്കാരോ മറ്റോ ആണോ"പ്രതീക്ഷയറ്റ സ്വരത്തിൽ ടീച്ചർ ചോദിച്ചു."അല്ല.പത്തുമുപ്പത്തഞ്ച് വയസ്സുള്ള ഒരു ചെറുക്കൻആണ്.ടീച്ചറുമായി അടുത്ത ബന്ധമുള്ളയാളാണെന്ന്പറയാൻ പറഞ്ഞു."പെട്ടെന്ന് രമണിടീച്ചറുടെ മുഖത്ത് എന്തോ ഒരു പ്രകാശത്തിന്റെ പ്രതിഫലനം.ഒരുപാട്കാലങ്ങൾക്ക് ശേഷം തന്റെ കാതുകൾക്ക് പുതിയൊരനുഭൂതി ഉണ്ടായിരിക്കുന്നത് പോലെ....അപ്പോഴാണ് വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടത്.രമണിടീച്ചർക്ക് ആരാണെന്ന് മനസ്സിലായില്ലെങ്കിലും വരാൻപറഞ്ഞു.ടീച്ചറുടെ കണ്ണുകൾ ആകാംക്ഷയോടെ ആ അതിഥിയെ കാത്തിരുന്നു.ഒടുവിൽ ആ മുഖം ടീച്ചറുടെ ദൃഷ്ടിയോടടുത്തു.

"എന്നെ മനസ്സിലായോ ടീച്ചറേ?"എവിടെയോ കേട്ടുമറന്ന ശബ്ദം.രമണിടീച്ചറുടെ ഓർമ്മകളിൽ നിന്നും വളരെ പെട്ടെന്നുതന്നെ ആമുഖത്തെ വീണ്ടെടുക്കാൻ സാധിച്ചു."സജീവനല്ലേ,പണ്ട് ഞാൻ പടിപ്പിച്ചിരുന്ന......"രമണിടീച്ചർ നിറഞ്ഞകണ്ണുകളോടെ ചോദിച്ചു."ടീച്ചർ ഇപ്പോഴുമെന്നെ ഓർക്കുന്നുണ്ടോ?"രാജീവന്റെ കണ്ണുകളും നിറഞ്ഞിരുന്നു."ക്ലാസിലെ ചിരിക്കുടുക്കയായ നിന്നെയൊക്കെ മറക്കാനോ,നല്ല കഥ.നിങ്ങളൊക്കെയല്ലേ അക്കാലത്ത് എന്റെ ജീവിതത്തിൽ സന്തോഷം നിറച്ചത്."രമണിടീച്ചർ തന്റെ കവിൾത്തടം തുടച്ച് ഒന്നു ചിരിക്കാൻ ശ്രമിച്ചു.

"ഇപ്പോഴെവിടെയാണ്.ഐ.ഐ.എമ്മിലൊക്കെ അഡ്മിഷൻ കിട്ടിയെന്നറിഞ്ഞു.പിന്നേ എവിടെ-വരെയെത്തി ഭാവിജീവിതത്തെ പറ്റിയുള്ള കണക്കുകൂട്ടലുകൾ?"സജീവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ടീച്ചറുടെ സംസാരം പഴയതുപോലെത്തന്നെ.എന്നും നിങ്ങളുടെ നിലനിൽപ്പിനെപ്പറ്റി ഗൗരവമായി ചർച്ചചെയ്യുമായിരുന്നു..""ഹ്ആ,എന്റെ ജീവിതം ഈ നാലുചുവരിനുള്ളിനുള്ളിലായതുപോലെ നിങ്ങളും മാറരുതെന്ന് ഓർത്താണ്."ജോലിക്കാരിലൊരാൾ വന്ന് സജീവന് ചായ കൊടുത്തു. രമണിടീച്ചറുടെപതിവിലും ആഹ്ലാദത്തോടെയുള്ള ആ മുഖം ജോലിക്കാരിയെയും അത്ഭുത-

പ്പെടുത്തി.“മകനാണല്ലേ, ഇനിയൊരാശ്വാസമാവുമല്ലോ ടീച്ചർക്ക്". മറുപടിയൊന്നും പറയാൻ കഴിയാത്ത സാഹചര്യമായിരുന്ന രമണിടീച്ചർക്കും സജീവനും. “പിന്നെ ഊണിന്
കാണില്ലേ രണ്ടാളും?”രമണിടീച്ചർക്ക് അവർപറഞ്ഞ രണ്ടാളുമെന്നതിന്റെഅർത്ഥം പൂർണ്ണമായും മനസ്സിലായില്ല.ജോലിക്കാരി പുറത്തുപോയശേഷം സജീവൻ തുടർന്നു.“സിറ്റിയിലായിരുന്നു കുറേ വർഷം.കഴിഞ്ഞ ആഴ്ച്ചനാട്ടിൽ വന്നപ്പോഴാ കാര്യങ്ങളൊക്കെ മാധ്യമം പത്രത്തിലൂടെ വായിച്ചറിഞ്ഞത്.നമ്മുടെ കുട്ടികൾ ഒക്കെ വേറെ രാജ്യങ്ങളിലും നാട്ടിലുമൊക്കെയായി-പ്പോയി.ഒടുവിലാണ് ടീച്ചറെപ്പറ്റി അറിഞ്ഞത്.”“ഞാനിപ്പോഴും ഓർക്കുന്നത് അതിനെപ്പറ്റിത്തന്നെ-യാണ്.”രമണിടീച്ചർ എങ്ങോട്ടെന്നില്ലാതെ നോക്കിക്കൊണ്ട് പറഞ്ഞു.“പിന്നെ ഞാനിന്ന് വന്നത് ടീച്ചറെ കാണാൻ മാത്രമല്ല.”രമണിടീച്ചർ ഒന്നുംമനസ്സിലാകാതെ നിന്നു.സാധാരണ ഈ വാക്ക് കേൾക്കുന്നത് മറ്റമ്മമാരുടെ സ്വത്തിനുവേണ്ടി വരുന്ന മക്കളിൽനിന്നാണ്.“ചെറുപ്പത്തിലേ അമ്മയോ അച്ഛനോ കൂടെയില്ലാതിരുന്ന എനിക്ക് പ്രതീക്ഷയുടെ ലോകം അരികെയുണ്ടെന്ന് കാണിച്ചുതന്നത് ടീച്ചറാണ്.വിരോധമില്ലെൻകിൽ ഒരു മകന്റെ അവകാശത്തോടെ എനിക്ക് ടീച്ചറെ എന്റെ വീട്ടിലേക്ക് കൊണ്ടുപോവാൻ സമ്മതം നൽകണം.”രമണിടീച്ചർ ഒരു നിമിഷത്തേക്ക്നിശ്ചലമായി.എപ്പോഴൊക്കെയോ കേൾക്കാൻ കൊതിച്ച വാക്കുകൾ.എന്നാലിപ്പോൾ......“നീയെന്റെ പൊന്നുമോൻ തന്നെ.ആവുന്ന കാലത്ത് ആർക്കും ഒരു ഭാരമാവാതെ ജീവിച്ചു.മോനേ ഒരു സ്ത്രീയെ , ഒരുമാതാവിനെ സംബന്ധിച്ചിടത്തോളംഅതാണ് അഭിലാഷം.നിന്റെ സാഞനത്തിന്റെ വാക്കുകൾ എനിക്ക് ആഹ്ലാദം അതിരില്ലാത്തതാണ്.
എന്റെ എല്ലാ സ്നേഹവും നിന്നോടൊപ്പമുണ്ടാകും.എവിടെയാണെൻകിലും എന്റെ മക്കൾ നന്നായി ജീവിക്കട്ടെ....”കുറച്ച് നേരത്തേക്ക് രണ്ട് ഹൃദയങ്ങൾക്കിടയിൽ എന്തൊക്കെയോ സംഭവിച്ചു.അതിനിടയിൽ സ്നേഹ-ത്തിന്റെയും സാന്ത്വനത്തിന്റെയും സ്പർശമുണ്ടായിരുന്നു.
“ഇതെന്റെ അഭിലാഷണമാണ് ടീച്ചറെ.ഒരു കുട്ടിയുടെ അഭിലാഷം നിർവ്വഹിക്കാൻ ഓരോ ടീച്ചറും ബാധ്യസ്ഥയാണെന്ന് ടീച്ചർ തന്നെയല്ലേ പറഞ്ഞുതന്നത്.വരൂ അമ്മേ എന്നോടൊപ്പം വരൂ...”സജീവൻ വാചാലനായി.അമ്മ എന്ന ആ വിളി രമണിടീച്ചർക്ക് അവഗണിക്കാൻ കഴിഞ്ഞില്ല.ആ വിളികേൾക്കാൻ കൊതിയുണ്ടായിട്ടും സാധിക്കാതെ പോയവളാണ് താൻ.
എന്നാലിന്ന്താൻ ധന്യയായിരിക്കുന്നു.ജന്മംകൊണ്ടല്ല മറിച്ച് സ്നേഹം കൊണ്ട് ഞാനും ഒരമ്മയായിരിക്കുന്നു.രമണിടീച്ചർ സജീവന്റെ കൈകളിൽപിടിച്ചു.ഒരു ജന്മം മുഴുവൻ ദുരിതത്തിന്റെ മുറവിളികൾമാത്രംകേട്ട,അനുഭവിച്ചഒരമ്മയുടെതലോടലായിസജീവന്അതനുഭവപ്പെട്ടുരണ്ടാത്മാക്കൾക്കിടിൽ പിന്നീടൊരു സംഭാഷണവും നടന്നില്ല.സജീവൻ ടീച്ചറെയും കൂട്ടി കാറിനടുത്തേക്ക് നടന്നു.ടീച്ചർ ഒരു നോട്ടം ആ സർക്കാർ വൃദ്ധസദനത്തിലേക്ക് നോക്കി.തന്റെ അഭയമായിരുന്ന ,ആശ്രയമായിരുന്ന ആ വൃദ്ധസദനം അവർക്ക് നൽകിയ ഓർമ്മകൾ നെഞ്ചോടുചേർത്തു മറ്റൊരു ജീവിതത്തിലേക്ക് ടീച്ചർ നടന്നു കയറുകയാണ്.സ്നേഹസാന്ത്വനങ്ങളുടെ തണലിൽ ഇരിക്കുകയാണ്........

വര:നന്ദന

ആവണി.എൻ

# പറയാനുള്ളത്...






നീയെന്നരികിലെത്തുന്നനാൾ
വെടിയാനാശിച്ചതെല്ലാം
ഒരിക്കൽക്കൂടെ കിട്ടിയിരുന്നെങ്കിൽ,
എന്നും,നീ എന്നിലണയുമ്പോൾ,
കൺചിമ്മുമാറെൻ മനസ്സിലൂടപ്പോൾ
കടന്നെത്തുന്ന ചിത്രങ്ങളെ മാറോ-
ടണക്കാൻ മോഹം,എന്നും,
നിന്നിലേക്കലിഞ്ഞു ഞാൻ ചേക്കേറുമ്പോൾ
ഉയരുന്ന ശബ്ദ വീചികൾ-
എന്നിൽ പുളകം ചാർത്തും,എന്നും,
നിന്നോടു കൂടി ഞാൻ വിണ്ണേറുമ്പോൾ
മേഘപാളികൾ കാട്ടുന്ന കാഴ്ച,
നീറുന്നു;നോവുന്നു;ദുഖഃമാനന്ദ-
മായി സിരകളില്ലാ ശോണനീരെ-
ന്നിലൂടപ്പോളൊഴുകുന്നു.
അന്നേരം പ്രിയരെന്നവർ ചൊല്ലുന്ന നേരം
കാതാർക്കുമാകാതുകൾ മണ്ണിൻ
ഭോചമായ് തീർന്നു പോയോ?
അദൃശ്യമാം കണ്ണീരെവിടെയോ വീണോ?

**-റിസ്‌വാന.പി.എം**

വര : നന്ദന

# ആഗ്രഹങ്ങൾ



മനസ്സിന്റെ നിഗൂഢതയിലേക്ക്
ഇറങ്ങിച്ചെല്ലണമെന്നുണ്ട്
സന്തോഷത്തിന്റെ ഉറവിടം
അന്വേഷിക്കണമെന്നുണ്ട്
ദുഃഖത്തിന്റെ കാരണം
അറിയണമെന്നുണ്ട്
എന്നെനോക്കുന്ന കടലാസുകെട്ടുകളിൽ
എന്തെങ്കിലും എഴുതണമെന്നുണ്ട്
അമളികൾ എങ്ങനെ പറ്റുന്നു
എന്നറിയണമെന്നുണ്ട്
അവ പരിഹരിക്കണമെന്നുണ്ട്
എന്നും ഓർക്കുവാൻ കെൽപ്പുള്ള
ഒരു ബന്ധം , കാത്തുസൂക്ഷിക്കണമെന്നുണ്ട്
......... ആഗ്രഹങ്ങൽ അനന്തമാണ്........
മനസ്സിന്റെ നിഗൂഢമായ ആഴങ്ങളിലേക്ക്
എന്റെ ആഗ്രഹങ്ങൾ
നീണ്ടുപോകുന്നു.

**അനജ് വി കെ**



# പുതിയൊരാകാശം




അനുനിമിഷം ഡിജിറ്റലായിരിക്കുന്ന ലോകത്ത് ഡിജിറ്റൽ സംരംഭത്തിന് വലിയ സ്വാധീനമാണുള്ളത്. അതൊരു കുട്ടിക്കൂട്ടം കൂടിയായാൽ കൂടുതൽ അംഗീകാരം തേടിയെത്തും. അങ്ങനെയൊരു സംരംഭം കേരളത്തിൽ തുടക്കം കുറിച്ചിരിക്കുകയാണ്.

ഇന്ത്യയിലെ വലിയ ഐടി കൂട്ടായ്മയാണിത് ഒരു ലക്ഷം കുട്ടികൾഅണിനിരക്കുന്ന ഐ.ടി കൂട്ടയ്മയാണ് ലിറ്റിൽ കൈറ്റ്സ് സംരംഭം.പാഠഭാഗങ്ങൾ ഡിജറ്റൽ സഹായത്തോടെ പഠിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം ഇന്ന് പ്രവർത്തിച്ചു വരുന്നത്. സൈബർ സുരക്ഷ,മൊബൈൽ ആപ്പ്,ഇലക്ട്രോണിക് നിർമ്മാണം എന്നിവയിലും വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നു.ഇന്ത്യയിലെ വലിയ ഐടി കൂട്ടായ്മയാണിത്.

**ശിഫാന .കെ**
**(ലിറ്റിൽ കൈറ്റ് അംഗം)**

# താങ്ങുവേരുകൾ



മകനെ നിനക്കിതെന്തു വേണം
നിന്റെ തേങ്ങലയായ് തണലായ് താങ്ങുവേരായ്
നിന്റെയരികിൽ ഇരുന്ന ഞാൻ യാത്രയായി
എനിക്കായ് നീ കരുതിവെച്ച
ഒരു കൈപ്പിടിയിൽ ഒരു കോടാലി മാത്രം
എന്തിനാണെന്നോടീ ക്രൂരത
എന്നോട് ചൊല്ലുക മകനേ നീ
ഓർമ്മയായ് താങ്ങിയ എന്റെ തേങ്ങൽ
നീ കേട്ടതല്ലേ
ഒടുവിലതാ നിന്റെ താങ്ങുവേരെല്ലാം
പാതിവഴിയിൽ യാത്രയായി.......

**കീർത്തന .പി**

# ഹാഷ്ടാഗ്



തന്നെ തന്നെ കാക്കാനാകാത്ത ദൈവത്തിനായി കോലം കത്തിക്കുന്ന


ചിലർ,

ദൈവമാകട്ടെ, ഞാൻ തന്നെയാണ നീ എന്ന വേദാന്തം മൊഴിയുകയും
ദൈവം ചൊന്നതിൻ പൊരുളറിയാതെ വട്ടം ചുറ്റിവീഴാനും വീഴ്ത്താനും വേറെ ചിലർ
ഇത്തരം ഭ്രാന്തുകൾക്കപ്പുറത്ത്
വയർനിറയ്ക്കാൻ മണ്ണിൻ മക്കൾതൻ
വയറുകീറുന്ന ചിലർ
ഇല്ലാത്ത ദൈവത്തിൽ പഴിചാരി
ആ ആർത്തനാദങ്ങളും
നേർത്തു നേത്രത്തസ്തമിക്കവെ
പണ്ടത്തെ വേദാന്തമിവിടെ വീണ്ടും നിശബ്ദമായി മുഴങ്ങിടുന്നു, അതെ
കേരളം വീണ്ടുമൊരു ഭ്രാന്താലയം തന്നെ!

**വൈഗ. ബി. ദീപ്**



# കമ്പ്യൂട്ടറും ഇന്നത്തെ ലോകവും



മനുഷ്യന്റെ കണ്ടുപിടിത്തങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് കമ്പ്യൂട്ടറിന്റെ കണ്ടുപിടിത്തം എന്ന് പറയാം.കഴിഞ്ഞ രണ്ട് ദശവർഷങ്ങളിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യ കുതിച്ചു കയറി വളർന്നിട്ടുണ്ട്.ഇന്ന് കമ്പ്യൂട്ടറിന്റെ സ്വാധീനമില്ലാത്ത ഒരു മേഖലപോലുമില്ല.ഗണിത പ്രശ്നങ്ങൾ വേഗത്തിൽ ചെയ്തു തീർക്കാൻ വേണ്ടി നിർമിച്ചതാണ് കമ്പ്യൂട്ടറെങ്കിലും ഇന്ന് കാലാവസ്ഥാ പ്രവചനം,യന്ത്രങ്ങളുടെ രൂപകൽപന,നിർമ്മാണംപ്രവർത്തനം,ബഹിരാകാശ പേടകങ്ങളുടെ നിയന്ത്രണം,കുറ്റാന്വേഷണം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു.


ഇലക്ട്രോണിക് യാന്ത്രിക ഘടകങ്ങൾ കൂട്ടിച്ചേർന്ന ഒരു ഉപകരണമാണ് കമ്പ്യൂട്ടർ.ഈഘടകങ്ങളെ ഹാർഡ്‌വെയർ എന്നും കമ്പ്യൂട്ടറിനകത്ത് പ്രവർത്തിക്കാൻ വേണ്ടി നൽകുന്ന നാമനിർദ്ദേശപ്രോഗ്രാമുകളെ സോഫ്റ്റ്‌വെയർ എന്നും പറയുന്നു.ആദ്യകാലഘട്ടങ്ങളിൽ കമ്പ്യൂട്ടർ വളരെ വലുതായിരുന്നു.എന്നാൽ ഇന്നത്തെ കമ്പ്യൂട്ടറുകളിൽ സംഭവിച്ച പരിണാമം ഭീമാകാരമായിരുന്നു.ഇന്ന് ഒരാൾക്ക് ഉപയോഗിക്കത്തക്ക രീതിയിലുള്ള പേഴ്സണൽ കമ്പ്യൂട്ടറുകളാണ് ജനസമ്മിതി നേടിയിട്ടുള്ളത്.സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ് കീബോർഡ് പോലെയുള്ള ഡിവൈസറിൽ നിന്നും വിവരങ്ങൾ സ്വീകരിച്ച് പ്രോസസ് ചെയ്ത് മോണിറ്റർ സ്ക്രീനിൽ ഔട്ട്പുട്ടായിട്ടോ അല്ലെങ്കിൽ പ്രിന്ററിൽ അച്ചടിച്ചിട്ട പ്രിന്റ്ഔട്ടായിട്ടോനൽകുന്നു.

പത്ത് ദശലക്ഷം കമ്പ്യൂട്ടറുകളോളം ലോകം മൊത്തം സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു നെറ്റ്‌വർക്കാണ് ഇന്റർനെറ്റ്.ഇത് ഇലക്ട്രോണിക്,വാണിജ്യം,ഇലക്ട്രോണിക് മെയിൽ തുടങ്ങിയ പല മേഖലകളിലേക്ക് വഴിതെളിക്കുന്നു.കൃതിമ ബുദ്ധിവൈദഗ്ധ്യം [ആർട്ടിഫിഷൽഇന്റലിജന്റ്സ്]ആണ് ഇന്നത്തെ കമ്പ്യൂട്ടർ മേഖലയിലെ ഗവേഷണത്തിൽ ഏറ്റവും മെച്ചപ്പെട്ട നേട്ടം.ഇത് ചിന്തിക്കുന്ന ഒരു യാന്ത്രികനെ സാധ്യമാക്കുന്നു.

സിയാന.കെ

(ലിറ്റിൽ കൈറ്റ്സ് അംഗം)

# ഇരുട്ട്



അവൾ ശ്വാസം ഉള്ളിലേക്കെടുത്തപ്പോൾ ലോകത്തെ മുഴുവൻ അവളിലേക്ക് ആവാഹിക്കുന്നതായി കാണപ്പെട്ടു.എന്നാലത് വലിച്ചെറിയലായിരുന്നു.അവളിടെ യാതനകളും വേദനകളുമെല്ലാം...തന്റെ സ്വപ്നങ്ങൾക്കും വിശ്വാസങ്ങൾക്കും പ്രതീക്ഷകൾക്കും മുറിവേൽപ്പിച്ച് രസിച്ച ലോകത്തെ അവൾ വെറുത്തു.അവളുടെ വഴികളിൽ



മതിലുകൾ തീർത്ത് കൈകൊട്ടി ചിരിച്ചു.അവൾ വാവിട്ടു കരഞ്ഞപ്പോഴെല്ലാം ചുറ്റുമുള്ളവർ ഹാസ്യനാടകം പോലെ കണ്ടു രസിച്ചു

അവൾ വേദനയോട ഓർക്കുന്നു... എന്തിനായിരുന്നു തിന്മയുടെ ഈ ലോകത്ത് തനിക്ക് അമ്മ ജന്മം നൽകിയത്? വാനോളം വാത്സല്യം തന്നത്? എല്ലാം ഒരു നൊടിയിൽ കാറ്റിൽ പറത്തി എനിക്കെത്താത്ത ദൂരത്തിൽ മറയാനായിരുന്നോ? ഇരുട്ടിന്റെ കൈകൾക്ക് എന്നെ പിച്ചിചീന്താനോ? ഇരുട്ടിനെ മാത്രം തലോലിച്ച് വളർത്തുന്ന ഈ ലോകത്ത് നിന്ന് അച്ഛനും മണ്ണോടലിഞ്ഞത് അറപ്പിക്കുന്ന ഈ ഇരുട്ടിനെ ഭയന്നോ? ആരോരുമില്ലാതെ കാറ്റിൽപ്പറന്ന തന്നെ സ്വർണ്ണക്കൂട്ടിൽ അടച്ചിട്ടതാരായിരുന്നു?എന്തിനായിരുന്നു?ഇരുട്ടിന്റെ കൈകൾ എന്തിനെന്നെ താലോലിച്ചു? സ്വർണ്ണക്കൂട്ടിൽ നിന്ന് പുറത്തേക്കെറിഞ്ഞപ്പോൾ ഞാനറിഞ്ഞത്....എന്റെ ശക്തിയും സ്വപ്നവും വിശ്വാസവും അവർ തച്ചുടച്ചിരിക്കുന്നു. ചിറകുകൾ പിച്ചിച്ചീന്തിയിരിക്കുന്നു.തന്റെ ജിവിതം ആ സ്വർണ്ണക്കൂട്ടിന്റെ കൂരാകൂരിരുട്ടിൽ അലിഞ്ഞുപോയിരി- ക്കുന്നു. ഈ ലോകത്തോടുള്ള എന്റെ വിശ്വാസം എന്റെ വേദന...സ്വപ്നം എല്ലാം എന്നോടൊപ്പം ഭൂമിയോടലിയട്ടെ.ആരിലേക്കാണ് ചെല്ലേണ്ടത്?എന്റെ ചിറകുകൾ, സ്വപ്ന- ങ്ങൾ ആരാണു തിരിച്ചുതരിക.സാധ്യമല്ല.തിന്മയുടെ കൂരിരുട്ടിന്റെ ഭ്രാന്തന്മാർക്ക് എനിക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെ തരാൻ സാധ്യമല്ല,എനിക്ക് നഷ്ടപ്പെട്ടതൊന്നും
അവർക്കൊന്നുമല്ല.

എന്തിനാണു നീ ഇരുട്ടിന്റെ മക്കളെ പോറ്റുന്നത്?തകർക്കാത്തതെന്തേ അന്ധകാരത്തിന്റെ വലയത്തിൽ പിച്ചിചീന്തപ്പെടുന്ന സ്വപനങ്ങൾ നീ എന്തേ കാണാത്തത്?നീ തന്നെയോ ഇരയായ എന്നെ സൃഷ്ടിച്ചത്...നീതി..നീതി..ഇന്ന് അനീതി....

ഇനിയൊരു പക്ഷിയും ചിറകൊടിഞ്ഞാകാശം നഷ്ടപ്പെട്ട് മരണമടയരുത്.ഞാനാവട്ടെ അതിലെ അവസാന കണ്ണി..തെറ്ററിയാത്ത ജീവജാലങ്ങളുടെ കണ്ണി നീ മുറിക്കുന്നവല്ലോ... എന്തേ ഇതു സാധ്യമല്ലേ...ഞാനും അമ്മയും അച്ഛനും ഇരുട്ടിന്റെ കൈകളിൽ നിന്ന് രക്ഷപ്പെടുകയായി.നിന്റെ ലോകത്ത് നീതി തരണേ... ആകാശത്തിൽ നിന്ന് ഒരു പറ്റം പക്ഷികൾ വീണ്ടും സ്വർണ്ണക്കൂട്ടിലേക്ക് പിന്നീട് ചിറകൊടിഞ്ഞ് മണ്ണിലേക്ക് സ്വപ്നങ്ങളും പ്രതീക്ഷകളും ഇരുട്ടിന്റെ കൈകളിൽ.... ഇനിയും?

അഫീദ.പി.എം
(ലിറ്റിൽ കൈറ്റ്സ് അംഗം)

# പ്രളയം തകർത്ത കേരളം



(ഈണം:ആരും കാണാതെ  ആരും അറിയാതെ)

ആരും കാണാതെ  ആരും അറിയാതെ
ഇടിയും മഴയും വന്ന്  കേരളം വെള്ളത്തിലായി
കേരളത്തിലുള്ള പാവപ്പെട്ടവരും പണമുള്ളവരും
ദുരിതാശ്വാസക്യാമ്പിൽ ഒത്തുചേർന്നവല്ലോ

ആരും കാണാതെആരും അറിയാതെ
ഇടിയും മഴയും വന്ന് കേരളം വെള്ളത്തിലായി

കേരളത്തിലുള്ള എല്ലാ കൂട്ടുകാരും ഒത്തുചേർന്നിട്ട്
ദുരിതാശ്വാസക്യാമ്പിൽ  ഫണ്ട് നൽകിയല്ലോ
കേരളത്തിലുള്ള എല്ലാ വിദ്യാർത്ഥികളും
ദുരിതാശ്വാസക്യാമ്പ്  സന്ദർശിച്ചുവല്ലോ......

ആരും കാണാതെ ആരും അരിയാതെ
ഇടിയും മഴയും വന്ന് കേരളം വെള്ളത്തിലായി

**ഇർഫാൻ.എം**

# മുഖമില്ലാത്ത മനുഷ്യൻ





വിജനമായനാട്ടുവഴികൾ
.അതിലുംശാന്തമായിരുന്ന
എന്റെമനസ്സ്.
കുറച്ച്നേരത്തേക്ക്മാത്രമായിരുനനത്
വിജനമായിരുന്നുവെങ്കിലും ആ വഴികളിൽ എന്തൊക്കെയോ മിന്നി മറയുന്നത പോലെ.മനസ്സിലാകാത്ത നിറങ്ങളുള്ള ദൃശ്യങ്ങൾ...അത് വെറും ദൃശ്യമായിരുന്നോ..?അതോ..? എനിക്കൊന്നും മനസ്സിലാക്കാൻ കഴിയുന്നില്ല.ഒന്നറിയാം.അവർ മനുഷ്യരല്ലായിരുന്നു. മനുഷ്യരാണെന്ന് ധരിക്കുന്ന രണ്ട് കാലുള്ള വിചിത്ര ജീവികൾ. അല്ല,മറ്റെന്തോ ആയിരുന്നു അത്. എന്താണത്...? അവർ വെള്ളരിപ്രാവിന്റെ ചിറകുകളരിഞ്ഞ് രസിക്കുന്നു.അവയുടെ രോദനം താരാട്ടുപാട്ടായ് അവർ ശ്രവിച്ചു. നല്ല പകൽ വെളിച്ചമുള്ള ആവഴികൾവളരെപെട്ടെന്നായിരുന്ന ഇരുട്ടിന്റെ കൈയിൽപെട്ടത് എന്നാൽ, പകൽ വെളിച്ചത്തേക്കാൾ വ്യക്തമായി എല്ലാം കാണാൻ സാധിച്ചു. പക്ഷേ മനസ്സ് നിറയേഇരുട്ടായിരുന്നു. ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. പ്രകാശത്തേക്കാൾ വേഗത്തിലായിരുന്ന അവർ എന്നിലേക്ക് അടുത്തത്.വ്യക്തമായി കാണാൻ കഴിഞ്ഞു.കാൽ മുട്ടിനു താഴെ വരെ മുടികളുള്ള,ചുടുചോര വാറ്റി കുടിച്ച നീണ്ട പല്ലുകളുള്ള,ആരെയും പേടിയില്ലാത്ത എന്നാൽ എല്ലാവരും വെറുക്കുന്ന ശരീരമുള്ള ചത്ത ശവങ്ങളുടെ നാറ്റമുള്ള,രാത്രിയിലെ കൂരാകൂരിരുട്ടിനെ പോലും തോൽപ്പിക്കുന്ന കറുപ്പുള്ള , ചന്ദ്രനെ എത്തിപ്പിടിക്കാൻ കഴിയുന്ന ഉയരമുള്ളൊരു വിചിത്ര രൂപം...ഒരു ജീവി... അവരുടെ അട്ടഹാസത്തിൽ നക്ഷത്രങ്ങൾ മേഘങ്ങൾക്കുപിറകിൽ ഒളിച്ചിരുന്നു. അവരുടെ കാൽവെപ്പിൽ ഭൂമി ഇടുങ്ങിപ്പോയി. അവരെക്കാണാൻകഴിയാത്ത ചെടികൾ ഭൂമിയോട് അഭയം ചോദിച്ച് പറ്റിച്ചേർന്നു ചീവീടുകൾ നിശബ്ദരായി...ഭൂമിയുടെ ദാഹം തീർക്കാൻ പുഴകളും ന ദികളും ആത്മഹത്തി ചെയ്തു....അപ്പോൾ ലോകത്ത് വിചിത്ര ജീവികൾ മാത്രമായിച്ചുരുങ്ങി. അവർ എനിക്കു ചുറ്റും നൃത്തം ചെയ്തു. അവർ എനിക്കവരുടെ കണ്ണുകൾ പിഴുതുതന്നു. അതുക ണ്ട്നക്ഷത്രങ്ങൾ പാളി നോക്കി. എന്റെ എല്ലുകൾ ഇറുങ്ങിപ്പോയി. അവരുടെ കാലുകൾഅവർ പറിച്ച് എനിക്കുനീട്ടി. അതറിഞ്ഞ് ഭൂമിവല്ലാതെയായി തലരണ്ടായിപ്പിളർന്നു പോയി അവർക്ക് കണ്ണീർപൊഴിച്ചു. ചോരക്കണ്ണീർ....ചലവും രക്തവും മത്സരിച്ചൊഴുകി. അതിന്റെ തലമുറിക്കുന്നവാസന ഭൂമിയെ ഭൂമിയല്ലാതാക്കി.ഇതിൽ മനം നൊന്ത് ചീവീടുകൾ കരഞ്ഞു.ഭൂമി നിശ്ചലമായി.അവർ അവരെത്തന്നെ പരസ്പരം കീറിമുറിക്കുന്നു.രക്തം ഊറ്റി കുടിക്കുലന്നു.അവർ നൃത്തം ചെയ്യുതു.ആർക്കും അറിയാത്ത ശ്രുതിയിൽ അവർ പാട്ടുപാടി.

ശിഫാന അഫീദ സിയാന (ലിറ്റിൽ കൈറ്റ് അംഗങ്ങൾ)




# ഞാൻ

നിങ്ങളെന്നെ മാറ്റാൻ ശ്രമിക്കുന്നതെന്തിന്,
ഇത് ഞാനല്ലേ..
നിങ്ങൾക്കറിയുമോ എന്നെ..?
ഇല്ല,എന്നെ എനിക്ക് മാത്രമേ  അറിയൂ..
പിന്നെയെന്തിന് ,
നിങ്ങളെന്നെ ഉപദേശിക്കുന്നു
എന്തറിഞ്ഞിട്ടെന്നെ കുറ്റപ്പെടുത്തുന്നു
എന്റെയുള്ളിലെ ഞാൻ എന്ന
എന്റെ ഉറ്റമിത്രത്തിനെ നിങ്ങളെന്തിനകറ്റുന്നു
ഞാനായിത്തീർന്ന ഞാൻ..,
ഇനിയും ഞാനായിതന്നെ ജീവിക്കും
അല്ലെങ്കിലെനിക്കെന്തിനീ ജീവിതം
അർത്ഥമില്ലാത്ത ജീവിതം!

ഹിസാന അബ്ദുല്ല
(ലിറ്റിൽ കൈറ്റ്സ് അംഗം)

# ദുരന്തപ്രളയം



വേരുന്നിയ വൃക്ഷങ്ങൾ തലത്താഴ്ത്തി
പുഞ്ചിരിയാർന്ന പൂക്കൾ തലതാഴ്ത്തി
കടലമ്മ പൊാചിച്ചിരിച്ച വന്നു
കാറ്റായി വീശിയടിച്ചുമഴയായി പെയ്യ്തിറങ്ങി
ജീവിതത്തിൽ ദുഃഖത്തിലേക്ക്
വൻ ദുരന്തപ്രളയമായ്
കൊഞ്ഞനം കുത്തുകയാണോ.....
നീ പ്രളയമേ

***ദേവിക.എസ്.വി***

# നീലക്കുറിഞ്ഞി



**പു**ത്തൻ തളിരിട്ട് കുറിഞ്ഞികൾ പൂക്കും കാലം
കുറിഞ്ഞി പൂക്കാലം.കുറിഞ്ഞികൾ കാഴ്ച,വി-
രുന്നൊരുക്കുന്നു.നീലാഭയുടെ നീണ്ട പരപ്പുകൾ
ആകാശത്തിൽപ്പോലും നീല കുറിഞ്ഞിയെ അടുത്തറിയാം
,അകലെയറിയാം വയലറ്റ്
നിറമുള്ള കുറിഞ്ഞിപ്പൂക്കളെ ഇന്ന് കാണാൻ
എന്തൊരു ചന്തം,കുറിഞ്ഞിപ്പൂക്കൾക്ക്,
ഇന്ന് കാണാൻ എന്തൊരു ചന്തം

പുത്തൻ തളിരിട്ട് കുറിഞ്ഞി പൂക്കും കാലം
കുറിഞ്ഞിപ്പൂക്കളുടെ കാലം ആഹാഎന്തൊ-
രു ചന്തം.......കുറിഞ്ഞിക്കൂട്ടങ്ങളെ കാണാൻ....
ആകാശത്തിൽ പോലും നീലകുറിഞ്ഞിയെ
അടുത്തറിയാം,അകലെ അറിയാം എന്തൊരു
ചന്തം നീല കുറിഞ്ഞിയെ...!പുത്തൻ തളിരിട്ട്
കുറിഞ്ഞി പൂക്കുന്നൊരു കാലം,ആകാശത്തിൽ
വെട്ടമേകുന്ന കാലം,കുറിഞ്ഞിപ്പൂക്കാലം.....

*ആദിഷ പി.എം*

# അറ്റുപ്പോയ മനുഷ്യത്വം






സന്തോഷമുള്ളദിവസമായിരുന്നു അന്ന്. എത്രയോ കാലങ്ങൾക്കു ശേഷം എന്റെ ആഗ്രഹങ്ങൾ സഫലമാകാൻപോവുന്നു.എന്റെ വിസ ശരിയായി. അച്ചന് വളരെസന്തോഷമായി..കൂട്ടുകാർക്ക് ട്രീറ്റ് ചെയ്യാൻ പറഞ്ഞു.എന്റെ കൈയ്യിൽ പൈസയൊന്നുമില്ല.അച്ചൻ പൈസ തരണം. അപ്പോഴാണ് അത് എന്റകണ്ണിൽ പെട്ടത്. അച്ചന്റെ കണ്ണ് നിറഞ്ഞിരിക്കുന്നു. അമ്മയോട് സങ്കടം പറയുന്നതാണ് കേട്ടത്. "നമ്മടെ മോന് അവന്റെ കൂട്ടുകാർക്ക് എന്തോ ചെയ്യണമത്രേ അതിന് കാശ് വേണം, എന്റെ കയ്യിൽ ഒന്നുമില്ല. എന്തു ചെയ്യും, അറിയില്ല".അതു കേട്ട ഇടനെ ഞാൻ ബൈക്കുമെടുത്ത് പോയി. തിരിച്ച് വരുമ്പോൾ എന്റെ ബൈക്ക് ഒരു ചെക്കനെ തട്ടി. ആരെങ്കിലും കാണുന്നതിനു മുമ്പ് ഇവിടെ നിന്ന് പോവാം,ഇല്ലെങ്കിൽ ആശുപത്രി ചെലവ് പോലീസ് ഭയങ്കര ബുദ്ധിമുട്ടാ... ഇവിടെ നിന്ന് പോവാം. കുട്ടി ആകെ ചോരയിൽ കുളിച്ചിരിക്കുന്നു.ഞാൻ ഒന്നും നോക്കിയില്ല. വീട്ടിൽ ആരും അറിയാതെ കയറി. കൂട്ടുക്കാരുടെ കണ്ണിൽ പെടാതെ സൂക്ഷിച്ചു. കുറച്ചു ദിവസം കഴിഞ്ഞു ....ആ ഞെട്ടിക്കുന്ന സത്യം ഞാൻ തിന്നെയാണ് അറിയുന്നത്. ഇനി ആകെ രണ്ടു ദിവസം മാത്രം ബാക്കി , എന്റെ സ്വപ്നം സഫലമാകാൻ. പെട്ടന്ന് കോളിംങ് ബെൽ അടിഞ്ഞു. ഞാൻ പേടിച്ചു പോയി, കാരണം അന്നെത്ത കാര്യം വീണ്ടും എന്ന് ഞാൻ വിചാരിച്ചു. പക്ഷേ അവർ അന്വേഷിച്ചത് അച്ചനെയാണ്. "ഡാാാ"എന്ന് മാത്രം ഞാൻ കേട്ടുള്ളൂ... എന്റെ സ്വപ്നം എല്ലാം തകർന്നു, ഈ അച്ചൻ?? പിന്നെ എന്റെ മനസ്സിൽ അച്ചനെ കൊല്ലാൻ പൂതിയായി. ഞാൻ ബൈക്ക് എടുത്തു പോയി.തിരിച്ച് വരുമ്പോൾ കണ്ണു നിറഞ്ഞു.പെട്ടന്ന് ഒരു ലോറി ............

പിന്നെ ഞാൻ കാണുന്നത് ചോരയിൽ കുളിച്ചിരിക്കുന്നു. കുറേ പേർ ഫോട്ടോ എടുകുന്നു, വീഡിയോ എടുക്കുന്നു. ആരും എന്നെയൊന്ന് സഹായിക്കുന്നില്ല. എന്റെമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്,നമ്മൾ ഒരാളോട് ഒരു തെറ്റ് ചെയ്താൽ അത് ഒരു ദിവസം അതിലും വലിയ ശിക്ഷയായി നമ്മുക്ക് കിട്ടും. അപ്പോൾ എന്റെ മനസ്സിലേക്ക് ഓടിവന്ന മുഖം ആ കുട്ടിയുടേതാണ്.എന്റെ ജീവിതം ഇങ്ങനെ അവസാനിക്കണമെന്നായിരിക്കും വിധി. ഞാൻ എന്റെ അമ്മയുടെ അരികത്ത് ഇനി ജീവിതം തുടരട്ടെ.....

*നിരഞ്ജന സ്വരാജ്* (*ലിറ്റിൽ കൈറ്റ്സ് അംഗം*)



# നവമാധ്യമങ്ങൾ




ആധുനിക സമൂഹവും ഇന്നതിന്റെ ഉത്തുംഗമായ സ്ഥാനം അലങ്കരിക്കുകയാണ്.അങ്ങനെയൊരു സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ് നവ മാധ്യമങ്ങൾ .വിജ്ഞാനവും സാമൂഹികവുമായ അനന്തമായ സാധ്യതകളാണ് നവ മാധ്യമങ്ങൾ തുറന്നിടുന്നത്.പ്ലാസ്റ്റിക് മാലിന്യങ്ങൾ നാശോന്മുഖമാക്കിയ ദേശമാണ് കെനിയയിലെ നൗറു.നൗറു ദേശത്തിന്റെ ഇത്ര ദയനീയമായ സ്ഥിതി ലോകം തിരിച്ചറിഞ്ഞത് ജയിംസ് മക്കീബിയുടെ പ്രവർത്തന ഫലമായി ട്വിറ്ററിലൂടെയായിരുന്നു.

2017-ൽ അലിസ്സ മിലാനോ ആരംഭിച്ച 'me too'എന്ന ഹാഷ് ടോഗോട്ടുകൂടിയാണ്സിനിമാ രംഗത്ത് സ്ത്രീകൾക്ക് നേരിടേണ്ടി വന്ന ലൈംഗികാതിക്രമങ്ങൾ ലോകം അറിഞ്ഞത്.ഇന്ത്യയിലടക്കം 'me too'പടർന്നു പിടിച്ചു.സിനിമാ രംഗത്തും സ്ത്രീകൾ സുരക്ഷിതരല്ലെന്ന് തെളിഞ്ഞത് നവമാധ്യമങ്ങളിലൂടെയായിരുന്നു.മുല്ലപ്പൂ വിപ്ലവത്തിൽ നവമധ്യമങ്ങൾ ചെലുത്തിയ സ്വാധീനം. ജനാധിപത്യ ധ്വംസങ്ങൾക്കെതിരെയാണ്നലമാധ്യമങ്ങൾ ശബ്ദിക്കേണ്ടത്.വിനോദത്തിനും വിജ്ഞാനത്തിനുമപ്പുറം സമൂഹത്തെ ശരിയായ ദിശയിൽ നയിക്കേണ്ടവയാണാ നവമധ്യമങ്ങൾ.എന്നാലിന്നത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലുപരി അതിനെ ദുരുപയോഗം ചെയ്യുകയാണ് സമൂഹം.സൈബർ ഭീകരവാദത്തിന്റെ ഏറ്റവും വലിയ ഉപാധിയായി നവമാധ്യമങ്ങൾ മാറുകയാണ്.

പ്രണവ്മോഹൻ

# നഷ്ടപ്പെട്ടതീ മഴയത്ത്....





അകലയാണെന്റെയമ്മ ഒരുപാടകലെ...
ഇതുപോലൊരു മഴയത്ത്
പോയതാണെന്റമ്മ...
മഴയത്തു കളിക്കുവാനും കുടെയുണ്ടായിരുന്നു.
മഞ്ഞിൽ കുളിർക്കാനും ഒപ്പമുണ്ടായിരുന്നു
മഴയത്തു കേൾക്കുന്ന ഈ ഇരമ്പൽ
എൻ മാലാഖതൻ താരാട്ടുപാട്ടുതന്നെ

കരയുന്നയീ കാർമേഘമെണിക്കു-
വേണ്ടിയാണെന്ന് തോന്നുവല്ലോയമ്മേ?
അന്നീകാർമേഘം കരയാതിരുന്നെങ്കിൽ,
അന്നീ പുഴ പിടയാതിരുന്നെങ്കിൽ
ഇന്നുമെന്റെ ക്രുടെയുമണ്ടയേനെയമ്മ!

എന്നെയീ അന്ധകാരത്തിലാക്കി
എന്നമ്മ അകലേക്കുപോയി...
ഇന്നു ഞാനീ ഇരുട്ടിൽ ഏകയാണ്...
ഇന്നു ഞാനീ ക്രൂട്ടിൽ മൂകയാണ്....

**അഫീദ.പി.എം.**

(*ലിറ്റിൽ കൈറ്റ്സ് അംഗം*)

# എന്റെ യാത്രാവിവരണം



എനിക്ക് ഏറ്റവും ഇഷ്ടമുള്ള വയനാടൻ ഗ്രാമം. തണുപ്പ് ശകലങ്ങൾ താണ്ടി വയനാടൻ ഗ്രാമത്തിലേക്ക്. വയനാടൻ ചുരത്തിലെ മരങ്ങളിൽ കുരങ്ങുകൾ. ഏറെ ഇഷ്ടമുള്ള വയനാടൻ ഗ്രാമത്തെപ്പറ്റി ഇനിയും പറയാനുണ്ട്.



ഞങ്ങൾഉച്ചതിരിഞ്ഞ് മൂന്ന് മണിയോടെ വയനാട്ടിലെത്തി. ഏറെ അറിയപ്പെടുന്ന ഒരു ഡാമാണ് ബാണാസുരസാഗർ. അവിടെ എത്തി. ഞങ്ങൾ ഗേറ്റിനടുത്ത് നിന്ന് സെക്യൂരിറ്റിയോട് പാസ് വാങ്ങി ഉള്ളിലേക്ക് കയറി. ഒരു കുത്തനെയുള്ള റോഡിലൂടെ കയറി വേണം ഡാമിന്റെ അടുത്തെത്താൻ. നടന്ന് നടന്ന് ഡാമിന്റെ അടുത്തെത്തി. എത്ര മനോഹരമായ കാഴ്ച. ളുവെള്ളക്കെട്ടു പോലുള്ള വെള്ളം ചരിവിലൂടെ ഒലിച്ചിറങ്ങുന്നു. ചിലയളുകളാവട്ടെ കുതിര സവാരികൾ നടത്തുന്നു. ഞങ്ങൾ അവിടെയുള്ള ബോട്ടിലേക്ക് കയറി. ഞങ്ങൾ സവാരി നടത്തി. നല്ല രസമാ യിരുന്നു. അങ്ങനെ ഞാനും എന്റെ കുടുംബാം ഗങ്ങും തിരികെ പോകാൻ തീരുമാനിച്ചു. പക്ഷേ എനിക്ക് അവിടെ നിന്ന് തിരികെ പോകാൻ മനസ്സില്ലായിരുന്നു. അങ്ങനെ ഞങ്ങൾ വണ്ടിയിൽ കയറി യാത്രതിരിച്ച് വീട്ടിലേക്ക് പോന്നു. ഇതാണ് എന്റെ കൊച്ചു യാത്രാവിവരണം..

**ദേവപ്രിയ എൻ.യു**

# മയിൽപ്പീലി





സ്നേഹത്തിന്റെ വാക്കുകൾ എന്നെ പഠിപ്പിച്ചു
സ്നേഹം ഒരു ത്യാഗമെന്ന്,
പലരും ഒളിപ്പിച്ചു ഒരു
മയിൽപ്പീലി പുസ്തകത്താളിനുള്ളിനുള്ളിൽ
എന്തിനാണെന്നും ഏതിനാണെന്നും
അറിയാതൊളിപ്പിച്ചു വെച്ചു
ഞാനെന്റെ പുസ്തകത്താളിൽ
ഒളുപ്പിച്ചു ഒരു തുണ്ട്
മയിൽപ്പീലി തുണ്ടുകൾ
ആകാശമറിയാതെ ബന്ധുക്കളറിയാതെ
അറിയാതൊളുപ്പിച്ചു വെച്ചു.
കീറിപ്പറിഞ്ഞ ആ പുസ്തക-
ത്താളുകൾ  അറിയാതെ
ഞാൻ ചാരമാക്കി.
അന്നെന്റെ ഹൃദയത്തിൽ
അറിയാതെയെങ്കിലും ഒരു
തുണ്ട് ദുഃഖം നിറഞ്ഞു.
അന്നു ഞാൻ കാര്യങ്ങൾ ഓർമിച്ചു വച്ചു.
ഇന്നു ഞാൻ കാര്യങ്ങളില്ലാതെ വച്ചു.

ദേവിക

# സൗഹൃദം



അന്നാദ്യവാരം  എണ്ണിക്കയറി ഞാൻ
ആദ്യമായി ഞാൻ ആ വിജനതയിൽ
രണ്ടുപേർ കൈതാങ്ങി അന്നെന്റ തോളിൽ
എന്റെ മനസ്സിൽ എന്നെന്നുമായി
എന്നുമെൻകൂടെ സന്തോഷത്തോടെ
എന്നും ഒരുമിച്ച് കൈകോർത്തു നാം
എല്ലാ പ്രതിക്ഷയും എല്ലാ നിരാശയും
ഒന്നിച്ച് കൈകോർത്ത് പോരാടി നാം
എന്നുമെൻ കൂടെ ആ വിജനതയിൽ
കൈകോർത്ത് നിൽക്കാൻ കോതിക്കുന്നു ഞാൻ

– നന്ദന.വി.കെ



# മരണ വിധി

അന്നു നീ കേൾക്കുക നിൻ സുകൃതം മാത്രം
മൊഴിയില്ല ഒരാളും നിൻ ദുഷ്ചെയ്തി
നല്ലതു പറയാൻ,നല്ലതു ചെയ്യാൻ
തിരക്കു കൂട്ടും നിനക്കായ് അന്നവർ

ദൈവത്തോടു നീ കേഴുമായിരിക്കും
'എന്റെ സിരകൾക്ക് ജീവൻ നൽകാൻ'
ആരോ മതിയാക്കിയ  ഒരധ്യായം കണക്കേ
നീയവിടെ അവസാനിക്കും

പഴിച്ചവർ,ദ്രോഹിച്ചവർ അങ്ങനെ-
യൊക്കെയുള്ളവർ നിന്നെ സ്മരിക്കും.
നീ കണ്ണുനിറക്കണം  എന്നുകരുതി-
യവരന്ന് കരയും

അന്നീ ലോകത്ത് കൂടുതൽ
സന്തോഷിച്ചത് നീയായിരിക്കും
മിത്രവും ശത്രുവും എല്ലാം
നിനക്കൊത്തു കൂടും

അവസാന യാത്രയിൽ നിനക്കന്നു
പറയാൻ കിട്ടില്ലവസരം
ഖേദിച്ചു നീ മടങ്ങും ജീവിച്ച മണ്ണിലേക്ക്.....

നിബാൽ.വി
(ലിറ്റിൽ കൈറ്റ്സ് അംഗം)

# വിധി



അവൾ നടന്നു.വിധിയുടെ ക്രൂരതയ്ക്ക് അടിമപ്പെട്ട ഒരാനാഥശവം പോലെ...എന്നിട്ടും വിധി അവളെ കാർന്ന് തിന്നു.പക്ഷേ,അവൾ വിധിയിൽ വിശ്വസിച്ചു.നന്മയും സ്നേഹവും മായയാണെന്ന് അവളെ വിധി പഠിപ്പിച്ചു.അങ്ങനെ, അവളുടെ ചിന്തകളും പ്രതീക്ഷകളും നശിച്ചു...വിധി നശിപ്പിച്ചു...ഒരു ലഹരി വസ്തുവിനെ പോലെയായിരുന്നു അവൾക്ക് വിധി.അവളറിയാതെ തന്നെ വിധിയുടെ അഗാധങ്ങളിൽ അവൾ മുങ്ങിപ്പോയി.തന്റെ അടുക്കലേക്ക് വരാൻ വിധികൽപ്പിച്ചു.അതിന്റെ അന്ത്യം മരണമാണെന്നറിഞ്ഞിട്ടുംതന്റെ കൂട്ടുകാരനെ പിരിയാൻ അവൾക്കുതോന്നിയില്ല.അവൾ നടക്കുകയാണ്. എന്നാൽ അടുത്തൊത്തുന്തോറുംഅകലേക്ക് മറയുകയാണത്. അങ്ങനെ അവളിലെ ജീവന്റെകണിക നശിച്ചു. അവസാനനിമിഷത്തിൽ വിധിയോടവൾ മന്ത്രിച്ചു: “ഇപ്പോൾ നശിക്കുന്നത് എന്റെ ശരീരം മാത്രമാണ്,ആത്മാവല്ല,തീർച്ചയായും ഞാൻ നിന്നിൽ വന്നുചേരും.”അങ്ങനെ അവൾ ഒരു തുടർച്ചയായ ജീവിതമാകുന്നു.

**ദേവനന്ദ.എസ്.ആർ**

# പ്രണയസ്പർശമേറ്റ ഇതളുകൾ





മഴയുടെ ഇരമ്പൽ കുളിർ നാദമായീ-
കർണത്തിൽ മുഴങ്ങുന്ന
ആരോ മൂളുന്ന സ്നേഹഗാനം പോലെ
മനസ്സിനെ സ്പർശിച്ച ഈ മഴ
എന്റെ ഹൃദയത്തെ ചൂഴ്ന്നെടുത്തു.
മയൂഖങ്ങൾ ആനന്ദ പൂരിതമായി
നൃത്തമാടുന്ന ഈ മഴയിൽ
എന്റെ ഹൃദയം പാതിവഴിയിൽ
വിട്ടെറിഞ്ഞ മയിൽപ്പീലി പോലെ
വികാരതരളിതമായ ആ രാത്രിയിൽ
എൻ മയക്കത്തെ വിളിച്ചുണർത്തിയ
ആ മഴയെ ഞാനിന്നുമോർക്കുന്നു
മഴത്തുള്ളികൾ എന്നെ തഴുകുന്ന വേളയിൽ
ഞാനോർക്കുന്നു ആ............
സ്നേഹസ്പർശത്തിന്റ കുളിർമയേകുന്ന നിമിഷങ്ങൾ
ഞാൻപോലുമറിയാതെ ആ മഴ
പ്രണയത്തിന്റെ വാതിലിലേക്ക് വഴികാട്ടിയായി
ആ പാതയിലൂടെ സഞ്ചരിച്ച ഞാൻ
പ്രണയതാഴ്വരകളിലേ
കല്ലും മുള്ളുമാകുന്ന മധുര നൊമ്പരങ്ങൾ
അനുഭവിച്ച് കൊണ്ട് യാത്രയായി....
മനസ്സാകുന്ന മണ്ണിൽ പ്രണയമാകുന്ന വേരിനെ-
ആഴത്തിൽ ഇറക്കി കൊണ്ട് മഴ
എന്നെ നൊമ്പരത്തിലാഴ്ത്തി....
പതിയെ പതിയെ അകലേക്ക് മാഞ്ഞുപോയി...

അയന
അർഥന
അനസൂയ
*തേജശ്രീ ജയരജ്*



# സുഖവും ദുഃഖവും



ജീവിതം എന്ന നാണയത്തിന്റെ ഇരു പുറങ്ങളാണ് സുഖവും ദുഃഖവും.ഓരോ പ്രതിസന്ധിയിലും ഓരോ താഴ്ചയിലും തളരാതെ മുന്നേറണം.സുഖവും ദുഃഖവും ഉണ്ടെങ്കിലേ ജീവിതം സഫലമാകൂ.ഏതൊരാളുടെ ജീവിതത്തിലും ഉയർച്ചയും താഴ്ചയും ഉണ്ടായേക്കാം.അത് തരണം ചെയ്യുക എന്നതാണ് ഓരോ വ്യക്തിയുടെയും ഏറ്റവും വലിയ വിജയം.ജീവിതത്തിലെ ഓരോ ദുഃഖത്തിനു പിറകെയും സന്തോഷം അരതല്ലി വരുന്നുണ്ടാകും.ആ സന്തോഷത്തിനായ് നമുക്ക് പ്രതീക്ഷയോടെ,ക്ഷമയോടെ കാത്തിരിക്കാം.....

*ശ്രിയ പി.പി*

*(ലിറ്റിൽ കൈറ്റ്സ് അംഗം)*

# യാത്രകൾക്കെന്തു സുഗന്ധം




യാത്രകൾ വളരെ രസകരമാണ്.അത് ദീർഘദൂരമായാലും കുറഞ്ഞ ദൂരമായാലും .പൊതുവെ യാത്രകൾ നമ്മുടെ മനസ്സിന് സമ്മാനിക്കുന്നത് അനുഭവങ്ങളാണ്. അവ സന്തോഷത്തിന്റെയും സങ്കടത്തിന്റെയും നിറങ്ങളണിയുന്നു. ചില യാത്രകൾ നമുക്ക് സമ്മാനിക്കുന്നത് ജീവിതത്തിൽ മറക്കാൻ സാധിക്കാത്ത മധുരവും നൊമ്പരം നിറയുന്ന നിമിഷങ്ങളാണ്.

എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു യാത്രയാണ് ഞങ്ങൾ ജാനകികാട്ടിലേക്ക് പോയത്. അവിടുത്തെ പ്രകൃതിയുടെ സൗന്ദര്യം വർണ്ണനകൾക്കപ്പുറമാണ്. സങ്കടം നിറഞ്ഞ മനസ്സുകളെയും ദേഷ്യം കൊണ്ട് വീർപ്പ് മുട്ടുന്ന വ്യക്തികളെയും അവിടത്തെ കിളികൾക്കും കളകളം പാടുന്ന പുഴയ്ക്കും ശാന്തമാക്കാൻ കഴിയും. ഞാനെന്റെ കുടുംബത്തിനൊപ്പമാണ് പോയത്. ആ നിമിഷങ്ങൾ ഓർത്തെടുക്കാൻ മധുരമായ ഓർമ്മകളിലുപരി ഏവരുടെയും സുന്ദരമായ ഫോട്ടോകൾ എടുത്തിരുന്നു. ഞങ്ങൾ എല്ലാം ആ പുഴയിൽ കളിച്ചു. അല്ല , കുളിച്ചു എന്നു തന്നെ പറയാം. അതിനിടയിൽഞങ്ങളുടെ സന്തോഷത്തെ കൂടുതൽ മധുരിതമാക്കാൻ വന്ന മഴയും വളരെ മനോഹരമായി തോന്നി. ഞങ്ങളുടെ സന്തോഷത്തിൽ പങ്കുചേരാൻ കഴിയാത്ത ചേട്ടനെ ഞങ്ങളുടെ സന്തോഷത്താലുള്ള പുഞ്ചിരി കാണിച്ച് ചെറുതായി വേദനിപ്പിച്ചു. തിരിച്ചു പോകുമ്പോൾ അവിടെയുള്ള ഓരോ പുൽകൊടികളും പോകരുത് എന്ന് മന്ത്രിക്കുന്നതായി എനിക്ക് തോന്നി. ഇന്നും ആ യാത്ര മറക്കാൻ കഴിയാത്ത ഒരു ഓർമ്മയായി ഹൃദയത്തിന്റെ ഉള്ളറയിൽസ്ഥാനംപിടിച്ചിരിക്കുന്നു.




*തന്മയ ആനന്ദ്*

# മിന്നാമിനുങ്ങ്





ആകാശത്തിന്റെ നീലിമയിലേക്ക്
കണ്ണിമവെട്ടാതെ നോക്കിയിരിക്കുമ്പോൾ
ഒരു സംശയം........
ഇരുട്ടിനോ വെളിച്ചത്തിനോ ഭംഗി?
വെളിച്ചം ഇരുട്ടില്ലാതെ പൂർണ്ണ-
മാകുന്നില്ല,ഇരുട്ടും....
ഒരു പക്ഷെ എന്നെ ഏറെ
സ്വാധീനിച്ചത് ഇരുട്ടാണ,അല്ല
ഇരുട്ടും വെളിച്ചവുമാണ്
ഇരുട്ടിൽ ഞാൻ സ്വപ്നം കണ്ടു
ഇരുട്ടിന്റെ മറത്തുണിയിൽ
ഞാൻ കണ്ണീരൊപ്പി,എന്നിട്ട്
വെളിച്ചത്തിലേക്ക് കുതിച്ചു
പക്ഷെ,
എത്ര ഗാഢമായ വെളിച്ചമായാലും
ഇരുകണ്ണുകൾ ഒന്നടച്ചാൽ,
ഇരുട്ടാകും
ഏത് കൂരിരുട്ടിലും മനസ്സിന്റെ
പ്രകാശം ഒന്നുമതി നമുക്ക്
വഴികാട്ടിയായിട്ട്......

**_അനജ് വി.കെ_**

# ആകാശം



പിച്ച വയ്ക്കാൻ തുടങ്ങുമ്പോൾ
മുറ്റത്തിറങ്ങി നിൽക്കുവാൻ ആഗ്രഹം
മുറ്റത്തിറങ്ങി ഞാൻ നോക്കി മുകളിൽ
ആദ്യമായ് ഞാൻ കണ്ടു
പുകപോലെയാകാശം,
നോക്കി നോക്കി ഞാൻ നിന്നപ്പോൾ
വിതുമ്പി കരഞ്ഞാകാശം
മഴയായ് കണ്ണീർ തുള്ളികൾ
ഒഴുകിയൊലിച്ചിറങ്ങിയെന്നുള്ളിനുള്ളിൽ
വർണ ശോഭയാർന്ന മഴവില്ലിനെ കണ്ട്
നിറമുള്ള സ്വപ്നങ്ങൾ
ഞാൻ നെയ്തുകൂട്ടി നിറമുള്ള സ്വപ്നങ്ങൾ
ഞാൻ നെയ്തുകൂട്ടി.

**ദേവിക**

# സൗഹൃദം



അക്ഷരത്തിന്റെയും സൗഹൃദത്തിന്റെയും
നിറക്കൂട്ടങ്ങൾ കൈയിൽ ഒതുക്കി
ഞാനെൻ വിദ്യാലയത്തിൽ കയറുമ്പോൾ
എൻ സൗഹൃദം നുകരാൻ
ഓരോ പൂമ്പാറ്റകളും എന്നിലേക്കടുത്തു
പതിയെ-പതിയെ എൻ കൈയിലെ
നിറക്കൂട്ടങ്ങൾ ചിറകടിച്ചു പറന്നു.
ഓരോ ദിനം എന്നിൽ നിന്ന് മറയുമ്പോഴും
പിരിയാനുള്ള സമയം അടുക്കുന്നു.
വിദ്യയോടൊപ്പം ഞാൻ പഠിച്ചു,
സൗഹൃദമെന്ന വലിയ പാഠം.
ഒരിക്കലും മറക്കുവാനാകില്ല
എൻ കൂട്ടുകാരേ...
എത്രയോ വഴക്കടിച്ചിട്ടും,
ഒരു ദിനം പോലും മിണ്ടാതിരിക്കുവാനാകില്ല,
പുഞ്ചിരിയിലും കണ്ണുനീരിലും,
എന്നോടൊപ്പം പങ്കുചേർന്നു.
പോയ് മറന്ന ഓരോ ദിനവും
ഒരോർമ്മയായ് ബാക്കി .

**നന്ദന.എം.കെ**



# കലാം വചനങ്ങൾ



**(ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ)**

ഉറക്കത്തിൽ
കാണുന്നതല്ല സ്വപ്നം
നമ്മുടെ ഉറക്കം
നഷ്ടപ്പെടുത്തുന്നതാണ്
യഥാർത്ഥ സ്വപ്നം.






വിജയികളുടെ കഥകൾ
വായിക്കരുത്.അതിൽ നിന്നും
നിങ്ങൾക്ക് സന്ദേശം മാത്രമേ
ലഭിക്കുകയുള്ളൂ.
പരാജിതരുടെ കഥകൾ
വായിക്കുക.
നിങ്ങൾക്ക് വിജയിക്കുവാനുള്ള
പ്രചോദനം ലഭിക്കും..

കഷ്ടപ്പാടുകളും ദുരന്ത-
ങ്ങളുമുണ്ടാകുമ്പോൾ
മുന്നിൽനിന്ന്
പ്രവർത്തിക്കുന്ന ആളാണ്
യഥാർത്ഥ നേതാവ്.






സ്വപ്നം കാണുക. ആ സ്വപ്നങ്ങളെ കുറിച്ച് ചിന്തിക്കുക. ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക.

വിജയം ആസ്വാദകരമാണെ-ക്കിൽ പ്രയാസങ്ങൾ ആവശ്യമാണ്.





നിങ്ങൾ ചിറകുകളോടെ ജനിച്ചവരാണ്.അതിനാൽ ഇഴയരുത്.ചിറകുകൾ ഉപയോഗിക്കുക,പറക്കാൻ പഠിക്കുക.

നമ്മുടെ "ഇന്ന്" നമുക്ക് ത്യജിക്കാം.നമ്മുടെ കുട്ടികളുട നല്ലനാളേയ്ക്കായ്.







**ജന്മദിനം**

നമ്മൾ കരയുന്നത് കണ്ട് അമ്മ ചിരിക്കുന്ന നമ്മുടെ ജീവിതത്തിലെ ഒരേയൊരു ദിവസം....

വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ്.... എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്.






ഞാൻ ഒരു നേതാവിനെ നിർവചിയ്ക്കാം.അദ്ദേഹത്തിന് കാഴ്ചപ്പാട്ടും അഭിനിവേശവും വേണം. ഒരിക്കലും പ്രതിസന്ധികൾക്ക് മുന്നിൽ തളരരുത്.അതിനുമപ്പുറം പ്രശ്നങ്ങളെ എങ്ങനെ പരാജയപ്പെടുത്താമെന്ന്

*സിയാന നിബാൽ*

## THE IMPORTANCE OF NEWS PAPER



THE NEWSPAPER HAS BECOME THE COMMON MAN'S WINDOW TO THE EVENTS HAPPENING ALL OVER THE WORLD. IT ALSO GREATLY INFLUENCES MAN'S POLITICAL AND SOCIAL NEWS.

IN THE MODERN WORLD TELEVISION AND RADIO BRING NEWS TO US FASTER THAN THE NEWS PAPERS. BUT IT IS THE NEWSPAPER THAT GIVES THE DETAILS . BESIDES IT IS CHEAPER AND AFFORDABLE. APART FROM PROVIDING NEWS THE NEWSPAPER ALSO CONTAIN ARTICLES ON VARIOUS CURRENT TOPICS. SUCH ARTICLES WHICH EDUCATE THE READER IS INCLUDED IN THE EDITORIAL PAGE.

AS AN ADVERTISING MEDIA NEWSPAPER ARE CHEAPER THAN TELEVISION THE CLASSIFIED ADVERTISEMENTS COLUMN IN NEWSPAPERS ARE THE CHEAPEST MEANS OF ADVERTISEMENT CONSIDERING THE NUMBER OF PEOPLE LIKELY TO READ THOSE ADVERTISEMENTS. INFORMATION SUCH AS TRAIN TIMING , CANCELLATION OF FLIGHTS ETC.
APPEARING IN THE NEWSPAPERS ARE ALSO VERY HELPFUL TO US .

TODAY MOST OF THE NEWS PAPER ARE CONTROLLED BY BUSINESS GROUPS OF POLITICAL PARTIES. THEY SOME TIMES DISTORT THE NEWS TO SUIT THE INTEREST OF THE PROPRIETORS. SO MORE THAN ONE NEWSPAPER ARE TO BE READ TO KNOW THE TRUTH ABOUT A NEWS . THIS SEEMS TO BE A DEMERIT OF NEWSPAPERS BUT SO IS THE CASE WITH TELEVISION CHANNELS.

**DEVAMITHRA**

*(LITTLE KITE MEMBER)*

# Loneliness



Its been a while since
I was alone in the life
its a very pathetic
condition I had felt
darkness every where
my eyes are wiped with
the scenes of horror



I cried over the bed at
home I had felt the
creaking of vampire
its scrutinising eyes
made me feels like
horror I am a lonely
broken angel

Loneliness makes me
feel like lost soul
some times I had
though many things
with the sort loneliness
when my eyes are closed
the greatest story told

its full of shadows on
its full of shadows on
the wall that are eagerly
waiting for my loneliness
I am just a starving kid .....
I am just a broken soul.....
most painful situation
in my life

but I got smaller.....
I got harder in
the nick of times
I  can hear the voice
of God when I am Alone.....!


harsh of thunder ... and
shape of ghost where
on under my feet its
just a while.... when
my eyes are moved
up to the sky

I cried over the lap
of my mom  rude
eyes were picking me
to the land   of   loneliness
but the angels of love
try to make me feel happy
and better when I am Alone

sheema fathima

വര:നന്ദന

# MEMORIES






Take me
to the valley of dancing spring
see you
the splendours of dancing nature
share them
to the little kites of earth
enjoy us
with the beloved heart of beings
dedicate these to coming
generations and force

*Arun sivadas*
*(LITTLE KITE MEMBER )*

# THE BREEZE OF LOVE



The day when I see you

The day when I feel you

The day when I love you

The breeze of love which kept me alive

The breeze of love which keeps me smile

The smooth ice like love

Which shines in ma mind

As a steward I waits for your loves

As a new green sport flourished in the summer

I wait for you until ma last breath

*VISMAY S*

# Tricky Questions



1. What is always coming, but never arrives ?
   -Tomorrow
2. What can be broken, but is never held ?
   - promise
3. What is it that lives if it is feed, and dies if you give it a drink ?
   -Fire
4. What can one catch that is not thrown ?
   - cold
5. What is it that if you have,you want to share me, and if you share,you do not have ?
   -secret
6. Which room has no walls ?
   - Mushroom
7. What is it that goes up, but never comes down ?
   - Age
8. What is the that stands up, but grows down ?
   -Candle
9. If George's father has four children -John, Jose, sue,– what is the name of his fourth child ?
   -George
10. Why did the banker quit his job ?
    - He lost interest
11. How many sides does a circle have ?
    -Two, because it has an inside and an outside
12. What can you never eat for breakfast ?
    -Lunch or dinner
13. What do you find in the middle of Nowhere ?
    -The letter H
14. Why was everyone so tired on the April first ?
    - Beacause they just completed a march of 31 days
15. What two words , when combined, hold the most letters ?
    - Post office

**Devamithra**
(LITTLE KITE MEMBER)

# COMPUTER STORAGE DIGITS

1 Bit = 1 Binary Digit
4 bit = 1 Nibble
8 Bit = 1 Byte
1024 Byte = 1 Kilobyte
1024 Kilobyte = 1 Megabyte
1024 Megabyte = 1 Gigabyte
1024 Gigabyte = 1 Terabyte
1024 Terabyte = 1 Petabyte
1024 Petabyte = 1 Exabyte
1024 Exabyte = 1 Zettabyte
1024 Zettabyte = 1 Yottabyte
1024 Yottabyte = 1 Brontobyte
1024 Brontobyte = 1 Geopbyte
1024 Geopbyte = 1 Saganbyte
1024 Saganbyte = 1 Pijabyte
1024 Pijabyte = 1 Alphabyte
1024 Alphabyte = 1 Kryatbyte
1024 Kryatbyte = 1 Amosbyte
1024 Amosbyte = 1 Pectrolbyte
1024 Pectrolbyte = 1 Bolgerbyte
1024 Bolgerbyte = 1 Sambobyte
1024 Sambobyte = 1 Quesabyte
1024 Quesabyte = 1 Kinsabyte
1024 Kinsabyte = 1 Rutherbyte
1024 Rutherbyte = 1 Dubnibyte
1024 Dubnibyte = 1 Seaborgbyte
1024 Seaborgbyte = 1 Bohrbyte
1024 Bohrbyte = 1 Hassiubyte
1024 Hassiubyte = 1 Meitnerbyte
1024Meitnerbyte= 1 Darmstadbyte
1024 Darmstadbyte = 1 Roentbyte

1024 Roentbyte = 1 Coperbyte
1024 Coperbyte = 1 Koentekbyte
1024 Koentekbyte = 1 Silvanikbyte
1024Silvanikbyte = 1 Golvanikbyte
1024 Golvanikbyte = 1 Platvanikbyte
1024 Platvanikbyte = 1 Einstanikbyte
1024 Einstanikbyte = 1 Emeranikbyte
1024 Emeranikbyte = 1 Rubanikbyte
1024 Rubanikbyte =  1 Diamonikbyte
1024 Diamonikbyte = 1 Amazonikbyte
1024 Amazonikbyte = 1 Nilevanikbyte
1024 Nilevanikbyte = 1 Infinitybyte
1024 Infinitybyte = 1 Websitebyte

***Febin Firshad***

# MAGIC SQUARE



| | | | | |
|---|---|---|---|---|
| 17 | 24 | 1 | 8 | 15 |
| 23 | 5 | 7 | 14 | 16 |
| 4 | 6 | 13 | 20 | 22 |
| 10 | 12 | 19 | 21 | 3 |
| 11 | 18 | 25 | 2 | 9 |

If we add horizontally,vertically and across , we get the sum as 65.
Example: 17+24+1+8+15=65

ASWIN. S

# INTERESTING PATTERNS

1x8+1=9

11x8+1=99

111x8+1=999

1111x8+1=9999

11111x8+1=99999

9x9=81

99x99=9801

999x999=998001

9999x9999=99980001

99999x99999=9999800001

Febin Firshad



സൗരവ്

**( ലിറ്റിൽ കൈറ്റ്സ് അംഗം )**

**കഥ, ചിത്രീകരണം**





A TOONS Original
DUCKY'S WORST NIGHT
"Ducky was in the Fall of Sleep"
Bloody fools!
"Mosquitos came there!"
"He swat there, one bulb lamp gone."
"He swat here one television gone.
"When he noticed the loss"
"He was unable to stop his anger."
"He continue swatting and did'nt sleep the night"


A TOONS original
CROREPATI DUCKY
welcome to crore Pati Mr Ducky!
Thank you!
Shall we go to the first question?
yes!
When did king Akbar born?
when his mother gave birth to him
Ducky answered all and got into the question of "1 crore"
question of 1 crore. who is the Richest in the world
That's me!
sorry ducky. wrong answer
what did you say?
you don't know who I am you Public Robber
CROREPATI
AAHHH!
You fool! nonsense!
POW!
from which land these like fools come? nuisanes!


A Tooms original
TROUBLE MAKER
"Rabby and ducky went for a walk"
look that is gold coin!
Where?
I am going to get it. Aaaaa!
It is not gold coin it was bottle cap!
POW
I fall in drainage because of you you said there was gold coin!
You should look when you walk ducky!
Later-
hey! white crows!
Eh?
PLUCK!
yuck! That crow! ewee! bah!
I think the crow is wise!
That happend because of you! you said me to look!
but...

Scanned by CamScanner



Scanned by CamScanner




Scanned by CamScanner


I have an idea to enter this pipe!
"Ducky go and take a big hammer."
Store room
"And then!!"
CRACK!
SPLASH!
Now its OK!
"Ducky searched the package he got with the washing machine
Detergent Free with washing machine!
warning only use 1 cup of powder!
Super wash
Let me open it and keep it here!
Oh! I forgot to take clothes!

Scanned by CamScanner




Scanned by CamScanner




Scanned by CamScanner

# എസ്.പി.സി ക്യാമ്പ് കൊടിയിറങ്ങി



മേമുണ്ട: സമൂഹത്തിന് നന്മയുടെ മാതൃകയായ എസ്.പി.സിയുടെ മേമുണ്ട .എച്ച്.എസ്.എസ് സ്കൂൾതല ക്യാമ്പ് കൊടിയിറങ്ങി.ക്രിസ്മസ് വെക്കേഷൻ ത്രിദിന സഹവാസ ക്യാമ്പ് 28,29,30 തീയ്യതികളിൽ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു.ഡി.വൈ.എസ്.പി ചന്ദ്രൻ സാറിന്റ മഹനീയ സാന്നിദ്ധ്യത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു .തുടർന്ന മൂന്നു ദിവസങ്ങളിലായി നിരവധി വിദഗ്ദരുടെ നേതൃത്ത്വത്തിൽ വിശാലമായ ക്ലാസുകൾ കൊണ്ടാടി.സുകേഷ് സാറിന്റെ ക്ലാസോടെ ക്യാമ്പിന് തിരശീലയിട്ടു. പഞ്ചായത്ത് പ്രസിഡന്റ് മോഹനൻമാസ്റ്റർസമാപനപ്രസംഗംനടത്തി.സമൂഹത്തിൽ കുട്ടിപ്പോലീസിന് നിരവധി നന്മയുടെ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിക്കുമെന്ന് ക്ലാസിലൂടെ വിദ്യാർത്ഥിസംഘം തെളിയിച്ചു.

# ഇനിയൊരു ദുരന്തം വന്നാൽ.....

കേരളത്തെ നടുക്കിയ മഹാപ്രളയം വന്നപ്പോൾ നാം ഓരോരുത്തരും ജാതിയും മതവും മറന്നുകൊണ്ട് ഒന്നായ് കൈകോർത്തു.ഇനിയൊരു ദുരന്തം വരികയാണെങ്കിൽ ? നമുക്ക് അതിജീവിക്കാം.അതിനായ് മേമുണ്ട ഹയർസെക്കണ്ടറി സ്കൂൾ ഒരുങ്ങുകയാണ്.എല്ലാ ബുധനാഴ്ച്ചയും എസ്.പി.സിയുടെ നേതൃത്ത്വത്തിൽ 'ഹൃദയപൂർവ്വം പദ്ധതി'യിലേക്ക് വിദ്യാർത്ഥികൾ ഒരുരൂപ വീതം സമാഹരിക്കുകയാണ്.ഇനിയൊരു ദുരന്തം വരികയാണെങ്കിൽ ആ തുക അതിലേക്കായ് മാറ്റി വയ്ക്കാം...............




മേമുണ്ട ഹയർസെക്കണ്ടറി സ്ക്കൂളിൽ "ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബ് 27/9/2018 ന് രൂപികരിച്ചു. കൈറ്റ് മാസ്റ്റേർസിന്റെ നേതൃത്ത്വത്തിലായിരുന്നു രൂപീകരണം. രൂപികരണത്തിൽ സ്ക്കൂളിലെ പ്രധാന അധ്യാപകനായരമേശൻ മാസ്റ്ററുടെയും സഹ അധ്യാപികയായ മറിയം ടീച്ചറുടെയും സാന്നിധ്യം ഉണ്ടായിരുന്നു. യോഗത്തിൽ ലീഡറായി 9 കെയിലെ അഭിഷേകം സഹലീഡറായി 9ഒ യിലെ അർത്ഥനയും സ്ഥാനമേറ്റു.

അഭിഷേക്

(ലിറ്റിൽ കൈറ്റ് ലീഡർ)

# 2018 മികവിന്റെ വർഷം




RN INDIA SCIENCE FAI
2019
AUDITORIUM
G.G.H.S.S
കെ പി പ്രിയംവദ (എച്ച്എസ്എസ് നാടോടി നൃ
മേമുണ്ട എച്ച്എസ്എസ് കോഴിക്കോട്)


P.M.FOUNDATION
20

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ














മാഗസിൻ നിർമ്മാണ പ്രവർത്തനത്തിന്
സഹായിച്ചവർക്ക്

# ഹൃദയപൂർവ്വം

# നന്ദി